**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3260** **26-06-2024 - ൽ മറുപടിയ്ക്ക്**

**ജലടൂറിസം പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വിനോദസഞ്ചാര വകുപ്പിന് കീഴിൽ സംസ്ഥാനത്ത് ബോട്ടിംഗ് സ്പോട്ടുകൾ ഉണ്ടോ; എങ്കിൽ അവ എവിടെയൊക്കെയാണെന്ന് ജില്ല തിരിച്ച് അറിയിക്കാമോ; | (എ) | വിനോദസഞ്ചാര വകുപ്പിന് കീഴിൽ സംസ്ഥാനത്ത് പ്രവർത്തിയ്ക്കുന്ന ബോട്ടിംഗ് സ്പോട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |
| (ബി) | ജലഗതാഗതവും ടൂറിസം വകുപ്പുമായി ചേർന്ന് ജലടൂറിസം പദ്ധതികൾ നിലവിലുണ്ടോ; ആയതിന്റെ വിശദാംശം അറിയിക്കാമോ; | (ബി) | ജലഗതാഗതവും വിനോദസഞ്ചാര വകുപ്പുമായി ചേർന്ന് നിലവിൽ ജലടൂറിസം പദ്ധതികൾ ഒന്നും തന്നെ പരിഗണനയിലില്ല . |
| (സി) | ഈ മേഖലയിൽ പുതിയ പദ്ധതികൾ ആലോചനയിലുണ്ടോ; വ്യക്തമാക്കാമോ? | (സി) | തിരുവനന്തപുരം ജില്ലയിലെ കായലോര ടൂറിസം വികസിപ്പിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന അഞ്ചുതെങ്ങ് – കഠിനംകുളം ബാക്ക് വാട്ടർ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി ബോട്ട് ടെർമിനൽ, ബോട്ട് ജെട്ടി എന്നിവ വിഭാവനം ചെയ്തു വരുന്നു . പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് ബോട്ടിംഗ് ഉൾപ്പെടെയുള്ള പുതിയ പദ്ധതികൾ നടപ്പിലാക്കുന്നത് പരിശോധിക്കാവുന്നതാണ്.<br><br>മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനായി സോളാർ പവർ ബോട്ടുകൾ, ഷിക്കാര ബോട്ടുകൾ എന്നിവ നീറ്റിലിറക്കുന്ന കാര്യവും പരിശോധിച്ചു വരുന്നു. മലനാട് മലബാർ റിവർ ക്രൂയിസ് പദ്ധതിയിൽ നിർമ്മിച്ച ബോട്ട് ടെർമിനലുകൾ/ ജെട്ടികൾ എന്നിവിടങ്ങളിൽ ബോട്ടിംഗ് അടക്കമുള്ള ജലസാഹസിക പദ്ധതികൾ ആരംഭിക്കുന്നതിനു ടെൻഡർ നടപടികൾ സ്വീകരിച്ചു വരികയാണ്.<br><br>ഭൂതത്താൻകെട്ടിൽ ഇറിഗേഷൻ ടൂറിസം പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റിയുമായി ചേർന്ന് പുതിയ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

സംസ്ഥാനത്ത് 14 ജില്ലകളിലെ വിവിധ ടൂറിസം ഡെസ്റ്റിനേഷനുകളിൽ ഡ്.ടി.പി.സി മുഖേനയും, കെ.റ്റി.ഡി.സി മുഖേനയും, ഡി.എം.സി മുഖേനയും ബോട്ടിംഗ് നടത്തി വരുന്നു. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. തിരുവനന്തപുരം
    - കാപ്പിൽ ബോട്ട് ക്ലബ്
    - നെയ്യാർഡാം ബോട്ട് ക്ലബ്
    - വേളി ടൂറിസ്റ്റ് വില്ലേജ്

2. കൊല്ലം
    - മണ്റോതുരുത്ത്
    - സാമ്പ്രാണിക്കൊടി
    - പരവൂർ
    - അഴീക്കൽ

3. ആലപ്പുഴ
    - പുന്നമട ഫിനിഷിങ് പോയിന്റിൽ ബോട്ടിങ് സ്പോട്ട്
    - ഹൗസ് ബോട്ട് ടെർമിനൽ

4. കോട്ടയം
    - ചീപ്പുങ്കൽ
    - കവണാറ്റിൻകര
    - കുമരകം ബോട്ട് ജെട്ടി
    - കുമരകം നാലുപങ്ക്
    - കോടിമത
    - കാന്താരിക്കടവ്
    - ഏഴുമാന്തുരുത്ത്

5. ഇടുക്കി
    - മാട്ടുപ്പെട്ടി
    - വാഗമൺ അഡ്വഞ്ചർ പാർക്ക്,
    - വാഗമൺ മൊട്ടക്കുന്ന്,
    - മൂന്നാർ – മുതിരപ്പുഴ റിവർ,
    - ഹിൽവ്യൂ പാർക്ക് ഇടുക്കി

- തേക്കടി

6. <u>എറണാകുളം</u>

- ഇന്ദിര പ്രിയദർശിനി ചിൽഡ്രൻസ് പാർക്ക്
- ഭൂതത്താൻകെട്ട്
- മലയാറ്റൂർ മണപ്പാട്ടുചിറ
- നെടുംമ്പാറച്ചിറ
- ബോട്ട് ക്രൂയിസ് ടെർമിനൽ മറൈൻ ഡ്രൈവ്

7. <u>തൃശ്ശൂർ</u>

- ചാവക്കാട്

8. <u>കോഴിക്കോട്</u>

- സരോവരം ബയോപാർക്ക്

9. <u>വയനാട്</u>

- കർലാട്
- പൂക്കോട് തടാകം

10. <u>കണ്ണൂർ</u>

- പറശ്ശിനിക്കടവ്

11. <u>കാസർഗോഡ്</u>

- ബേക്കൽ
- കോട്ടപ്പുറം

**സെക്ഷൻ ഓഫീസർ**